# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3086

22.06.2012-ൽ മറുപടിക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ ; | (എ) | 02.12.1991 ലെ ജി.ഒ.(പി) 36/91/പി.ആന്റ്. എ.ആർ.ഡി യിലെ ഖണ്ഡിക 4(i) വ്യവസ്ഥ പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ അഞ്ചുവർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്കു മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാനാവു. എന്നാൽ ടി സർക്കാർ ഉത്തരവിലെ 5 ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം അനുഭാവപൂർവ്വമായ പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകളിൽ മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി 5 വർഷ സേവനം പൂർത്തീകരിക്കാത്ത ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിയ്ക്കാവുന്നതാണ്. |
| (ബി) | അന്തർ ജില്ലാ സ്ഥലംമാറ്റം 2000 നു ശേഷം എല്ലാ ജില്ലകളിലും അപേക്ഷ ലഭിച്ചതനുസരിച്ച് കൃത്യമായി നടത്തിയിട്ടുണ്ടോ ; | (ബി) | അന്തർജില്ലാ സ്ഥലംമാറ്റത്തിന് നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. |
| (സി) | ഏതെങ്കിലും ജില്ലകളിൽ മാനദണ്ഡപ്രകാരമുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം നൽകാത്തതോ, ഒഴിവുകൾ നീക്കിവെക്കാത്തതോ ആയി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് ഇതുവരെയായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | തിരുവനന്തപുരം കോട്ടയം ജില്ലകളിൽ നാല്പേർക്ക് പരസ്പര സ്ഥലംമാറ്റവും ഇടുക്കി ജില്ലയിലേയ്ക്ക് ഒരാൾക്ക് അന്തർ ജില്ലാ സ്ഥലംമാറ്റവും മാനുഷിക പരിഗണനവച്ച് സീനിയോറിറ്റി മറികടന്ന് നൽകിയിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.